**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1382** **30-06-2026-ൽ മറുപടിയ്ക്ക്**

**മാട്ടിറച്ചി വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** അന്യസംസ്ഥാനത്ത് നിന്ന് കേരളത്തിലേക്ക് കന്നുകാലികളെ കൊണ്ടുവരുന്നതിൽ നിലവിൽ നിയന്ത്രണങ്ങൾ എന്തെങ്കിലും ഉണ്ടോ എന്ന് അറിയിക്കാമോ;

**മറുപടി:** സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആഫ്രിക്കൻ പന്നിപ്പനി (African Swine Fever - ASF) രോഗം സ്ഥിരീകരിച്ച സാഹചര്യത്തിൽ, 2025 ഒക്ടോബർ 3 മുതൽ ആറുമാസത്തേക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തിനകത്തേക്കും സംസ്ഥാനത്ത് നിന്നും പുറത്തേക്കും പന്നികളുടെയും പന്നിയുത്പന്നങ്ങളുടെയും കടത്തും ഗതാഗതവും നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലാവധി പൂർത്തിയായതിനാൽ നിലവിൽ ഈ നിരോധനം പ്രാബല്യത്തിലില്ല.

കന്നുകാലികളുടെ കടത്തിനോ ഗതാഗതത്തിനോ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല.

**(ബി)** അന്യസംസ്ഥാനത്ത് നിന്ന് കേരളത്തിലേക്ക് എത്തിക്കുന്ന കന്നുകാലികളുടെ എണ്ണം മുൻവർഷത്തേതിൽ നിന്ന് ഗണ്യമായി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** അന്യസംസ്ഥാനത്ത് നിന്ന് കേരളത്തിലേക്ക് എത്തിക്കുന്ന കന്നുകാലികളുടെ എണ്ണം മുൻവർഷത്തേതിൽ നിന്ന് ഗണ്യമായി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ, ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ പ്രത്യേക പദ്ധതികളൊന്നും സർക്കാർ പരിഗണിച്ചുവരുന്നില്ല.

**(സി)** കേരളത്തിലേക്ക് കന്നുകാലികളുടെ വരവ് കുറഞ്ഞതിനാൽ മാട്ടിറച്ചി വ്യാപാരികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ സ്വീകരിക്കുന്ന മാർഗങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

**മറുപടി:** അന്യസംസ്ഥാനത്ത് നിന്ന് കേരളത്തിലേക്ക് എത്തിക്കുന്ന കന്നുകാലികളുടെ എണ്ണം മുൻവർഷത്തേതിൽ നിന്ന് ഗണ്യമായി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ, ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ പ്രത്യേക പദ്ധതികളൊന്നും സർക്കാർ പരിഗണിച്ചുവരുന്നില്ല.

**(ഡി)** കേരളത്തിൽ സുനാമി ഇറച്ചിയുടെ വിപണനം നടക്കുന്നുണ്ടെങ്കിൽ അത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** കേരളത്തിൽ സുനാമി ഇറച്ചിയുടെ വിപണനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**